## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6801 | 13.07.2012-ൽ മറുപടിക്ക്

### കൈപ്പിഴകൾ വന്നാൽ ഒഴിഞ്ഞുമാറുന്ന ഡോക്ടർമാർക്കും സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങൾക്കുമെതിരെ കർശന നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബി.സത്യൻ : | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പെരുമാതുറ, അണക്കപ്പിള്ള, ആറ്റരുകത്ത് വീട്ടിൽ നൗഫൽ എന്ന പതിമൂന്ന് വയസ്സുകാരന് ഏഴുവർഷം മുമ്പ് സ്വകാര്യ ആശുപത്രിയിൽ ' സുന്നത്ത്' കർമ്മത്തിനിടയിലുണ്ടായ കൈപ്പിഴ മൂലം കിടപ്പിലായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) വീടും പറമ്പും ബാങ്കിൽ പണയപ്പെടുത്തി ചികിത്സ തുടരുന്ന ഈ കുടുംബത്തിന് എന്തെങ്കിലും സാമ്പത്തിക സഹായം ഇതിനകം ലഭിച്ചിട്ടുണ്ടോ ; | | (ബി) & (സി) : ബാധകമല്ല. |
| (സി) ഈ വിദ്യാർത്ഥിയുടെ തുടർചികിത്സാ ചെലവുകൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | | |
| (ഡി) ഇത്തരം ഗുരുതരമായ കൈപ്പിഴകൾ വന്നാൽ അതിന് നഷ്ടപരിഹാരം കാണാതെ ഒഴിഞ്ഞുമാറുന്ന ഡോക്ടർമാർക്കും സ്വകാര്യ ആരോഗ്യസ്ഥാപനങ്ങൾക്കുമെതിരെ കർശന നടപടി സ്വീകരിക്കുമോ ? | (ഡി) | എന്നാൽ ഈ വകുപ്പിന് ഇക്കാര്യത്തിൽ നടപടികൾ എടുക്കാൻ ഇപ്പോൾ നിയമം അനുവദിക്കാത്തതിനാൽ പരിമിതിയുണ്ട്. ഇക്കാര്യത്തിൽ നിയമ/ആഭ്യന്തര വകുപ്പു മുഖേനയുള്ള നടപടികൾ മാത്രമേ ഇപ്പോൾ കരണീയമായുള്ളൂ. |

സെക്ഷൻ ഓഫീസർ